പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 278

22-6-12 ൽ മറുപടിക്ക്

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ സെന്റർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ; എം.എ. വാഹീദ് | | ശ്രീ. കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | എ) | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ ഒരു സെന്റർ കോട്ടയത്ത് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ അദ്ധ്യയന വർഷം തന്നെ ക്ലാസുകൾ ആരംഭിക്കുന്നതിനായി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി കാംപസിൽ നിന്ന് താല്ക്കാലികമായി സ്ഥലം ലഭ്യമാക്കാനും ഹോസ്റ്റൽ സൗകര്യത്തിനായി ഡി.റ്റി.പി.സി. യുടെ കെട്ടിടം വാടകക്കെടുക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | ബി) | മാസ് കമ്മ്യൂണിക്കേഷൻ മേഖലയിൽ വിദ്യാഭ്യാസം, പരിശീലനം, ഗവേഷണം എന്നിവ ലഭ്യമാക്കുന്നതിന ാണ് ലക്ഷ്യമിടുന്നത്. |
| സി) | ഇൻസ്റ്റിറ്റ്യൂട്ടിനുള്ളസ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | സി) | ലാന്റ് ബാങ്കിൽ നിന്ന് കോട്ടയം വടവാതൂരിൽ 4.20 ഏക്കർ സ്ഥലം ഐ.ഐ.എം.സി. ക്കായി ഇതിനകം അനുവദിച്ചുകഴിഞ്ഞു. അക്കാഡമിക് ബ്ലോക്കും ഹോസ്റ്റലുകളും മറ്റു സൗകര്യങ്ങളെല്ലാം ഒരു കാമ്പസിൽതന്നെ വരണമെന്ന കേന്ദ്രസർക്കാരിന്റെ അഭ്യർത്ഥനമാനിച്ച് വടവാതൂരിൽ തന്നെ മേൽ വസ്തുവിനോട് ചേർന്നുകിടക്കുന്ന 1.75 ഏക്കർ സ്ഥലവും സെൻട്രൽ വാട്ടർ കമ്മീഷന്റെ അധീനതയിൽ ഉപയോഗശൂന്യമായി കിടക്കുന്ന 1 ഏക്കർ സ്ഥലവും ഏറ്റെടുക്കുന്നതിന് നടപടികൾ സ്വ ീകരിച്ചിട്ടുണ്ട്. അതുപോലെ പ്രസ്തുത വസ്തുവിലേക്കുള്ള വഴിസൗകര്യം വർദ്ധിപ്പിക്കുന്നതിനായി സ്വകാര്യ വ്യക്തികളിൽ നിന്ന് 0.90 ച.മീ. 02.02 ആർ സ്ഥലം (ആകെ 2.92 ആർ) ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി പൊന്നും വിലക്കെടുന്നുന്നതിനോ വിലയ്ക്കു വാങ്ങുന്നതിനോ ഉള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. പാമ്പാടിയിൽ ജൂനിയർ ടെക്നിക്കൽ സ്കൂളിനടുത്തുള്ള 5 ഏക്കർ ഗവൺമെന്റ് സ്ഥലവും ഈ ആവശ്യത്തിനായി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | നടപ്പ് അദ്ധ്യയനവർഷം തന്നെ ക്ലാസുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | ഡി) | നടപ്പ് അദ്ധ്യയനവർഷം തന്നെ ക്ലാസുകൾ ആരംഭിക്കുന്നതിന ായി എം.ജി. യൂണിവേഴ്സിറ്റി കാമ്പസിൽ നിന്ന് ആവശ്യമുള്ള ക്ലാസ്റൂമുകളും, ഹോസ്റ്റൽ സൗകര്യത്തിനായി ഡി.റ്റി.പി.സി. യുടെ കെട്ടിടവും വാടകയ്ക്കെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനത്തിനായി 1.56 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ